**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 489** **24-08-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 2016-17 എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് ഒരു കോടി രൂപയുടെ ഭരണാനുമതി സ.ഉ(ആർ.ടി) No.74/2016/Tran. dtd 16.02.2016) ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പ്രസ്തുത നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തുക വിനിയോഗിച്ച് കെ.എസ്.ആർ.ടി.സി. ഡിപ്പോ കോൺക്രീറ്റും ഇന്റർലോക്കും ചെയ്യുന്നതിനുള്ള ഭരണാനുമതിക്കാവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ? | (ബി) | ടി പ്രവൃത്തി ആരംഭിക്കുകയും എന്നാൽ കെ.എസ്.ആർ.ടി.സിയും നഗരസഭയും തമ്മിൽ ഉണ്ടായ സ്ഥലതർക്കത്തെ തുടർന്ന് മുൻസിപ്പാലിറ്റി സ്റ്റോപ്പ് മെമ്മോ നൽകിയതിനാൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിയ്ക്കാതെ വരികയും ഭാഗികമായി ചെയ്ത പ്രവൃത്തിയുടെ ബിൽ തുക ആയി 4,93,314 രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി മുന്നൂറ്റി പതിനാല് രൂപ മാത്രം) അനുവദിച്ച് കരാറുകാരനെ ഒഴിവാക്കുന്നതിന് ധനവകുപ്പ് അനുമതി നല്കിയിട്ടുള്ളതുമാണ്. എന്നാൽ ഡിപ്പോ കോൺക്രീറ്റും ഇന്റർലോക്കും ചെയ്യുന്നതിനുള്ള ഭരണാനുമതിക്കാവശ്യമായ ശുപാർശ ധനവകുപ്പിന് ലഭ്യമായിട്ടുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ